2026
FEBRUARY
11
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## സമഗ്ര അടിസ്ഥാന സൗകര്യ പദ്ധതികളുമായി റെയിൽവേ

# കേരളത്തിനും നേട്ടം



**ന്യൂഡൽഹി:** രാജ്യത്തുടനീളം ട്രെയിൻ ഗതാഗതത്തിലെ തിരക്ക് ഒഴിവാക്കുന്നതിനും, പാതകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും, സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, യാത്രക്കാരുടേയും ചരക്കുകളുടേയും വേഗത്തിലുള്ള നീക്കം സാധ്യമാക്കുന്നതിനുമായി സമഗ്രമായ റെയിൽ അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് ഇന്ത്യൻ റെയിൽവേ അംഗീകാരം നൽകി. സതേൺ, നോർത്തേൺ, സൗത്ത് ഈസ്റ്റേൺ റെയിൽവേകളിലുടനീളം വ്യാപിച്ചുകിടക്കുന്ന ഈ അംഗീകാരങ്ങളിൽ പാത ഇരട്ടിപ്പിക്കൽ, മൂന്ന് നാല് വരിപ്പാതകൾ, ബൈപാസ് ഇടനാഴികൾ, അത്യാധുനിക ഇലക്ട്രോണിക് ഇന്റർലോക്കിംഗ് സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്നു. ആലപ്പുഴ-അമ്പലപ്പുഴ പാത ഇരട്ടിപ്പിക്കലിന് 324.16 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. എറണാകുളം-തുറവൂർ-കായംകുളം റൂട്ടിലെ ഏകവരിപ്പാത എന്ന തടസ്സം നീക്കുന്ന തന്ത്രപ്രധാനമായ പദ്ധതിയാണിത്. ഇത് പൂർത്തിയാകുന്നതോടെ ഓരോ ദിശയിലും പ്രതിദിനം ഒൻപത് അധിക പാസഞ്ചർ ട്രെയിനുകൾക്ക് സർവീസ് നടത്താൻ സാധിക്കും. കൂടാതെ പ്രതിവർഷം 2.88 ദശലക്ഷം ടൺ അധിക ചരക്ക് ശേഷി വർദ്ധിപ്പിക്കാനും 3.23 കോടി രൂപയുടെ അധിക വാർഷിക വരുമാനം നേടാനും സാധിക്കും.

പാസഞ്ചർ, ചരക്ക് തീവണ്ടികളുടെ പിടിച്ചിടൽ കുറയ്ക്കുന്നതിലൂടെ പ്രവർത്തനക്ഷമത ഗണ്യമായി മെച്ചപ്പെടും. ഈ ഇടനാഴിയിലെ അവശേഷിക്കുന്ന അവസാന ഏകവരിപ്പാത കൂടി ഇരട്ടിപ്പിക്കുന്നതോടെ തടസമില്ലാത്ത ട്രെയിൻ ഗതാഗതം ഉറപ്പാക്കാം. ഇത് ദീർഘദൂര യാത്രക്കാരുടെ യാത്രാ വിശ്വാസ്യത വർദ്ധിപ്പിക്കുകയും കേരളത്തിനകത്തുള്ള അന്തർ സംസ്ഥാന ചരക്ക് നീക്കം ശക്തിപ്പെടുത്തുകയും ചെയ്യും. പ്രധാന ജംഗ്ഷനുകളിലെ തിരക്ക് കുറയ്ക്കുന്നതിലൂടെ വേഗതയേറിയതും തടസമില്ലാത്തതുമായ യാത്ര ഇത് സാധ്യമാക്കുന്നു. പാലക്കാട് ടൗൺ-പറളി ബൈപാസ് ലൈൻ 163.57 കോടി രൂപയും അനുവദിച്ചു. പല ട്രെയിൻ സർവീസുകൾക്കും കേരളത്തിലെ പാലക്കാട് ജംഗ്ഷനിൽ എഞ്ചിൻ തിരിച്ചോടിക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിലൂടെ ഈ ബൈപാസ് പദ്ധതി അടിയന്തരമായ പ്രവർത്തന യാത്രാ ആനുകൂല്യങ്ങൾ നൽകുന്നു. ഇത് പാസഞ്ചർ ട്രെയിനുകളുടെ ശരാശരി പിടിച്ചിടൽ 4044 മിനിറ്റ് വരെയും, ചരക്ക് തീവണ്ടികളുടേത് 120 മിനിറ്റ് വരെയും കുറയ്ക്കുന്നു. അതോടൊപ്പം പാലക്കാട് ജംഗ്ഷനിൽ നിന്ന് കൂടുതൽ പാസഞ്ചർ സർവീസുകൾ ആരംഭിക്കാനുള്ള പദ്ധതികൾക്ക് ഇത് പിന്തുണ നല്കുകയും ചെയ്യുന്നു.

ട്രെയിൻ ഗതാഗതം കാര്യക്ഷമമാക്കുന്നതിലൂടെ, ഈ ബൈപാസ് ഷൊർണൂർ, തിരുവനന്തപുരം, പൊള്ളാച്ചി എന്നിവയെ ബന്ധിപ്പിക്കുന്ന റൂട്ടുകളിൽ സമയനിഷ്ഠ ഗണ്യമായി മെച്ചപ്പെടുത്തും, ഒപ്പം സതേൺ റെയിൽവേയിലെ ഏറ്റവും തിരക്കേറിയ ജംഗ്ഷനുകളിലൊന്നിലെ തിരക്ക് കുറയ്ക്കുകയും ചെയ്യും. ഇരുഗൂർ-പോത്തന്നൂർ പാത ഇരട്ടിപ്പിക്കലിന് 277.42 കോടി രൂപയും അനുവദിച്ചു. ചെന്നൈ-തിരുവനന്തപുരം ഇടനാഴിയിലെ നിർണ്ണായക കണ്ണിയായ ഇരുഗൂർ-പോത്തന്നൂർ സെക്ഷൻ ഇരട്ടിപ്പിക്കുന്നതിനുള്ള അംഗീകാരം തമിഴ്നാടിനെ സംബന്ധിച്ചിടത്തോളം ഏറ്റവും ശ്രദ്ധേയമായ വികസനങ്ങളിലൊന്നാണ്. ഈ പദ്ധതി പൂർത്തിയാകുന്നതോടെ പ്രതിദിനം 15 അധിക പാസഞ്ചർ ട്രെയിനുകൾ പ്രവർത്തിപ്പിക്കാനും ചരക്ക് ശേഷി പ്രതിവർഷം 3.12 ദശലക്ഷം ടണ്ണായി വർദ്ധിപ്പിക്കാനും സാധിക്കും. ഇതിലൂടെ പ്രതിവർഷം 11.77 കോടി രൂപയുടെ അറ്റാദായ വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്. നിലവിൽ ഈ പാതയുടെ ശേഷി വിനിയോഗം 60 ശതമാനമാണ്. എന്നാൽ ഈ വിപുലീകരണം നടക്കുന്നതോടെ 2027 28 ആകുമ്പോഴേക്കും ഇത് 131 ശതമാനത്തിൽ എത്തുമെന്ന് കണക്കാക്കപ്പെടുന്നു. ഇത് പദ്ധതിയുടെ അടിയന്തരവും തന്ത്രപരവുമായ പ്രാധാന്യത്തെ എടുത്തുകാണിക്കുന്നു.

സമീപ പ്രദേശങ്ങളിൽ ഇതിനകം പൂർത്തിയായതോ പുരോഗമിക്കുന്നതോ ആയ നാലുവരിപ്പാത പദ്ധതികൾക്കൊപ്പം, ഈ സെക്ഷൻ കൂടി ഇരട്ടിപ്പിക്കുന്നതോടെ ചെന്നൈകോയമ്പത്തൂർപോത്തന്നൂർ മേഖല പൂർണ്ണമായും ഉയർന്ന ശേഷിയുള്ള നാലുവരി ഇടനാഴിയായി മാറും. ഇത് കോയമ്പത്തൂർ പോലുള്ള വ്യാവസായിക ഹബ്ബുകൾക്ക് നേരിട്ട് ഗുണകരമാകുകയും, പോത്തന്നൂരിലെ ടെർമിനൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും, വടക്കൻ ലക്ഷ്യസ്ഥാനങ്ങളിലേക്കുള്ള പുതിയ ട്രെയിൻ സർവീസുകൾക്ക് സഹായകമാകുകയും ചെയ്യും.സംസ്ഥാന സർക്കാരുകളുടെ സമയോചിതമായ സഹകരണത്തോടെ, ഈ പദ്ധതികൾ വേഗത്തിലുള്ള യാത്രകൾക്കും കൂടുതൽ കാര്യക്ഷമമായ ചരക്ക് നീക്കത്തിനും മെച്ചപ്പെട്ട സുരക്ഷയ്ക്കും സുസ്ഥിരമായ സാമ്പത്തിക വളർച്ചയ്ക്കും വഴിയൊരുക്കും. ബാർബെണ്ട-ദാമ്രുഘട്ടു പാത ഇരട്ടിപ്പിക്കലും ദാമ്രുഘട്ടു-ബൊക്കാറോ സ്റ്റീൽ സിറ്റി മൂന്ന് നാല് വരിപ്പാതകൾക്കുമായി 815.32 കോടി രൂപയുടെ അംഗീകാരം നൽകി. ഹൈ ഡെൻസിറ്റി നെറ്റ് വർക്ക് , ഹൈലി യൂട്ടിലൈസ്ഡ് നെറ്റ് വർക്ക് റൂട്ടുകളിലെ ഇലക്ട്രോണിക് ഇന്റർലോക്കിംഗ് പദ്ധതികൾക്ക് 421.41 കോടി രൂപയുടെ അംഗീകാരം നൽകി. സുരക്ഷയും പ്രവർത്തനക്ഷമതയും കൂടുതൽ വർദ്ധിപ്പിക്കുന്നതിനായി 'കവച്' സംവിധാനം നടപ്പിലാക്കുന്ന നോർത്തേൺ റെയിൽവേ റൂട്ടുകളിലെ 34 സ്റ്റേഷനുകളിൽ ഇലക്ട്രോണിക് ഇന്റർലോക്കിംഗ് നടപ്പിലാക്കുന്നതിന് ഇന്ത്യൻ റെയിൽവേ അംഗീകാരം നല്കി. ഇതിൽ ഡൽഹി ഡിവിഷനിലെ 21 സ്റ്റേഷനുകൾക്കായി 292.24 കോടി രൂപയും അംബാല ഡിവിഷനിലെ 13 സ്റ്റേഷനുകൾക്കായി 129.17 കോടി രൂപയും ചെലവഴിക്കും.രാജ്പുര ബൈപാസ് ലൈൻ (13.46 കിലോമീറ്റർ), നോർത്തേൺ റെയിൽവേയ്ക്ക് 411.96 കോടി രൂപയുടെ അംഗീകാരം നൽകി.

## സിബിഎസ്ഇ സ്കൂളുകൾ ബൈലോകളും സർക്കുലറുകളും കർശനമായി പാലിക്കണം

**തിരുവനന്തപുരം:** സംസ്ഥാനത്തെ സിബിഎസ്ഇ സ്കൂളുകൾ അഫിലിയേഷൻ ബൈലോകളും സർക്കുലറുകളും കർശനമായി പാലിക്കണമെന്ന് ബാലാവകാശ കമ്മിഷൻ ഉത്തരവിട്ടു. കൗൺസിൽ ഫോർ ഇന്ത്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻചട്ടങ്ങളും ബൈലോകളും കർശനമായി പാലിക്കണമെന്നും കമ്മിഷൻ ചെയർപേഴ്സൺ കെ.വി.മനോജ്കുമാർ ഉത്തരവിൽ നിർദ്ദേശിച്ചു. സ്കൂളുകളുടെ ഫീസ് ഘടന അവരുടെ ഔദ്യോഗിക വെബ്സൈറ്റിലും നോട്ടീസ് ബോർഡിലും പ്രദർശിപ്പിക്കണം. കൂടാതെ ഫീസ് ഘടന ക്രമീകരിക്കുന്നതിനും അംഗീകരിക്കുന്നതിനും സംസ്ഥാനതലകമ്മിറ്റിയും രൂപീകരിക്കേണ്ടതാണ്. ഇതുപോലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും ഫീസ് ഇളവുകളും നൽകുന്ന പ്രത്യേക പദ്ധതി നടപ്പിലാക്കണം.

സംസ്ഥാനത്ത് ഫീസ് റെഗുലേറ്ററി കമ്മിറ്റി രൂപീകരിക്കുന്നതുവരെ രക്ഷാകർതൃ-അധ്യാപക അസോസിയേഷന്റെ അനുമതിയില്ലാതെ ഏകപക്ഷീയ ഫീസ് വർദ്ധനവ് നിരോധിക്കണം. ശിശു സൗഹൃദ, ഭിന്നശേഷി സൗഹൃദ മാർഗ്ഗനിർദ്ദേശങ്ങൾ സ്കൂളുകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. വിദ്യാർത്ഥികൾക്ക് മതിയായ ടോയ്‌ലറ്റുകൾ, റാമ്പുകൾ, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് എളുപ്പത്തിൽ എത്തിച്ചേരാവുന്ന ടോയ്‌ലറ്റുകൾ സുരക്ഷിതമായ കളിസ്ഥലങ്ങൾ എന്നിവ നിർമ്മിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്.

വിദ്യാർത്ഥികൾക്ക് സാമൂഹികവും വൈകാരികവുമായ പിന്തുണ നൽകുന്നതിന് എല്ലാ സ്കൂളുകളിലും സ്കൂൾ കൗൺസിലറെ നിയമിക്കണമന്നും ഉത്തരവിൽ നിർദ്ദേശിച്ചു. മണക്കാട് മനീഷ് കമ്മിഷന് നൽകിയപരാതയിന്മേലാണ് ഉത്തരവ്. സിബിഎസ്ഇ ചെയർപേഴ്സൺ, സെക്രട്ടറി, റീജിയണൽ ഓഫീസർ, പൊതു വിദ്യാഭ്യാസവകുപ്പ് സെക്രട്ടറി, ഡയറക്ടർ എന്നിവർ ഉത്തരവിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് 2012 ലെ ബാലാവകാശ സംരക്ഷണ കമ്മിഷൻ ചട്ടങ്ങളിലെ, ചട്ടം 45 പ്രകാരം 60 ദിവസത്തിനകം കമ്മിഷന് ലഭ്യമാക്കേണ്ടതാണ്.

## സഞ്ജു സാംസൺ കേരള സവാരിയുടെ ഗുഡ്‌വിൽ അംബാസഡർ

**തിരുവനന്തപുരം:** കേരള സർക്കാരിന്റെ ഓൺലൈൻ ടാക്സി സർവീസായ കേരള സവാരിയുടെ ഗുഡ്‌വിൽ അംബാസഡറായി ഇന്ത്യൻ ക്രിക്കറ്റ് താരം സഞ്ജു സാംസൺ. പൊതുഗതാഗത മേഖലയിലെ കേരളം സൃഷ്ടിച്ച വിപ്ലവകരമായ മാറ്റത്തിന്റെ മുഖമായി, കേരള സർക്കാർ തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ മാതൃകാ സംരംഭത്തിന്റെ സന്ദേശം സംസ്ഥാനമൊട്ടാകെ എത്തിക്കുന്നതിൽ, സഞ്ജു സാംസൺ നിർണായക പങ്കാളിയാകും.



യാത്രക്കാർക്കും ഡ്രൈവർമാർക്കും ഒരുപോലെ നീതി ഉറപ്പാക്കുന്ന കേരള സവാരി, സർക്കാർ അംഗീകൃത നിരക്കുകളിൽ സുതാര്യമായി പ്രവർത്തിക്കുന്നു. അധിക ചാർജുകളോ സർജ് പ്രൈസിംഗോ ഇല്ല. കമ്മീഷൻ ഇല്ലാത്ത പ്രവർത്തന മാതൃകയിലൂടെ ഡ്രൈവർമാരുടെ വരുമാനം പൂർണമായി സംരക്ഷിക്കുന്ന ഈ സേവനമാണ് സ്വകാര്യ ആപ്പുകളിൽ നിന്ന് കേരള സവാരിയെ വേറിട്ടു നിർത്തുന്നത്. തിരുവനന്തപുരം, എറണാകുളം, തൃശൂർ ജില്ലകളിൽ വിജയകരമായി പ്രവർത്തിക്കുന്ന കേരള സവാരി, 11.36 ലക്ഷം യാത്രകൾ പൂർത്തിയാക്കിയതോടൊപ്പം ഡ്രൈവർമാർക്ക് 27.58 കോടി രൂപയുടെ വരുമാനം സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ മറ്റ് നഗരങ്ങളിലേക്കും സേവനം വ്യാപിപ്പിക്കാനുള്ള ശക്തമായ പദ്ധതികൾ മുന്നോട്ട് പോകുന്നുണ്ട്. ലാഭത്തേക്കാൾ പൊതുനന്മ മുൻനിർത്തി, തൊഴിൽ സൃഷ്ടിയും സാമൂഹിക ഉത്തരവാദിത്തവും ഒരുപോലെ പ്രാധാന്യം നൽകുന്ന മാതൃകാ സംരംഭമാണ് കേരള സവാരി. യാത്രക്കാർക്ക് സുരക്ഷിതവും സുതാര്യവുമായ സേവനം ഉറപ്പാക്കുന്നതിനൊപ്പം, ഡ്രൈവർമാരുടെ അവകാശങ്ങളും ക്ഷേമവും സംരക്ഷിക്കുന്നതിൽ ഈ പ്ലാറ്റ്ഫോം പ്രത്യേക ശ്രദ്ധ ചെലുത്തുന്നു.



# ഇന്നത്തെ പരിപാടി

## കൊച്ചി

- **എറണാകുളം ലെ മെറീഡിയൻ :** ഐഎപിഎംആർ കോൺഫറൻസ് 2026 – രാവിലെ 10ന്.
- **കൊച്ചി ലുലുമാൾ : ലുലു ഫ്ളവർ ഫെസ്റ്റ്** – രാവിലെ 9ന്.
- **മുല്ലശ്ശേരി ശ്രീ ചക്രേശ്വരി ക്ഷേത്രം** – പ്രതിഷ്ഠാദിന മഹോത്സവം – രാവിലെ 6ന്.

## കളമശേരി

- **കളമശ്ശേരി ചക്കോളാസ് പവലിയൻ :** സെന്റർ ഓഫ് എക്സലൻസ് ഉദ്ഘാടനം മന്ത്രി പി. രാജീവ് – വൈകുന്നേരം 3ന്.

## പെരുമ്പാവൂർ

- **ചേലാമറ്റം ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം** : ഉത്സവത്തിനോടനുബന്ധിച്ച് ഗാനസുധ, തിരുവാതിര, കൈകൊട്ടിക്കളി, കഥകളി – രാവിലെ 10ന്.

## കോതമംഗലം

- **പൈങ്ങോട്ടൂർ സെന്റ് ആന്റണീസ് ഫൊറോന പള്ളി :** വിശുദ്ധ അന്തോണീസിന്റെ തിരുന്നാൾ – രാവിലെ 6ന്.
- **കോതമംഗലം മിനി സിവിൽ സ്റ്റേഷൻ :** റവന്യൂ റിക്കവറി ബാങ്ക് അദാലത്ത് – രാവിലെ 10ന്.

## കാലടി

- **കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല മുഖ്യക്യാമ്പസ് മീഡിയ സെന്റർ :** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം ന്യായം, സംസ്കൃതം ജനറൽ വിഭാഗങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 'സപ്തദിന ദേശീയ ശിൽപ്പശാല' – രാവിലെ 10.30ന്.



ഷൂട്ട് @ സൈറ്റ്

**ആഴങ്ങളിൽ അന്നം തേടി.......** *കൊച്ചിയിലെ കടമക്കുടി ദ്വീപിലെ കണ്ടൽ കാടുകൾക്ക് സമീപം പരമ്പരാഗത രീതിയിൽ മത്സ്യബന്ധനം നടത്തുന്ന സ്ത്രീകൾ.*

**ഫോട്ടോ: എ. എസ് സതീഷ്**

# സമൂഹമാധ്യമങ്ങളുടെ ഉപയോഗം ഉത്തരവാദിത്തത്തോടെയാകണം

**കൊച്ചി:** സമൂഹമാധ്യമങ്ങളുടെ ഉപയോഗം ഉത്തരവാദിത്തത്തോടെയാകണമെന്ന് ജില്ലാ കളക്ടർ ജി. പ്രിയങ്ക. നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെയും (എൻ.ഐ.സി) ഐ.ടി മിഷന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ച സുരക്ഷിത ഇന്റർനെറ്റ് ദിനാചാരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു കളക്ടർ. ഇന്റർനെറ്റ് ഉപയോഗം സാർവത്രികമായ കാലഘട്ടമാണിത്. ഇന്റർനെറ്റിന് അതിന്റേതായ ഗുണങ്ങളും ദോഷങ്ങളുമുണ്ട്. ആ സാങ്കേതികവിദ്യയെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതാണ് പ്രധാനം. സമൂഹമാധ്യമങ്ങൾ കരുതലോടെയും ഫലപ്രദമായും ഉപയോഗിക്കാൻ എല്ലാവരും ശ്രമിക്കണം.

തന്റെ പേരിൽ തന്നെ വ്യാജ സമൂഹമാധ്യമ അക്കൗണ്ടുകൾ സൃഷ്ടിച്ച് മറ്റുള്ളവർക്ക് സന്ദേശങ്ങൾ അയക്കുന്ന സാഹചര്യമുണ്ടായി. 'ഡീപ് ഫേക്കി'ന്റെ കൂടി കടന്നുവരോടെ ഏതാണ് യാഥാർത്ഥ്യം എന്ന് തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയുണ്ട്. ഓരോ പ്ലാറ്റ്ഫോമുകളും ഉപയോഗിക്കുമ്പോൾ പരമാവധി ശ്രദ്ധ പുലർത്തണമെന്നും കളക്ടർ പറഞ്ഞു. ദിനാചരണത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായി ഇന്റർനെറ്റ് സുരക്ഷയെ സംബന്ധിച്ച് ശില്പശാലയും ഒരുക്കിയിരുന്നു.



സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർ അശ്വിൻ ശ്രീധർ, സൈബർ സെൽ എസ്.ഐ വൈ. ടി പ്രമോദ് എന്നിവർ സെഷനുകൾ നയിച്ചു. കളക്ടറേറ്റ് ട്രെയിനിങ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ നിധിൻ കെ. സതീഷ്, ഐ.ടി മിഷൻ ജില്ലാ പ്രോജക്ട് മാനേജർ ചിഞ്ചു സുനിൽ ദത്ത് എന്നിവർ പങ്കെടുത്തു.

# കനകധാരാ യാഗം : മുഖ്യപുരോഹിതൻ യാഗഭൂമി സന്ദർശിച്ചു



*കനകധാരാ യാഗത്തിന്റെ പുരോഹിതനും തിരുനെൽവേലി ശ്രീ ത്രിപുരാന്ദേശ്വരൻ ക്ഷേത്രം മേൽശാന്തിയുമായ ശ്രീമദ് ഭാഗ്യരാജ് ശിവാചാര്യയും സംഘവും എറണാകുളം ശിവക്ഷേത്ര സമുച്ചയ യാഗഭൂമി സന്ദർശിക്കാൻ എത്തിയപ്പോൾ എറണാകുളം ശിവക്ഷേത്ര ഉപദേശക സമിതി സെക്രട്ടറി ആർ. രാമകൃഷ്ണൻ, കമ്മിറ്റി അംഗങ്ങളായ ശക്തിധരൻ, രാധാകൃഷ്ണൻ, ഡിവിഷൻ കൗൺസിലർ കെ.വി.പി. കൃഷ്ണകുമാർ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിക്കുന്നു.*

**കൊച്ചി :** എറണാകുളം ശിവക്ഷേത്ര സമുച്ചയത്തിൽ നടക്കാനിരിക്കുന്ന കനകധാരാ യാഗത്തിന്റെ മുന്നോടിയായി യാഗത്തിന്റെ മുഖ്യപുരോഹിതനും തിരുനെൽവേലി ശ്രീ ത്രിപുരാന്ദേശ്വരൻ ക്ഷേത്രം മേൽശാന്തിയുമായ ശ്രീമദ് ഭാഗ്യരാജ് ശിവാചാര്യനും സംഘവും യാഗഭൂമി സന്ദർശിച്ചു.

എറണാകുളം ശിവക്ഷേത്ര ഉപദേശക സമിതി സെക്രട്ടറി ആർ. രാമകൃഷ്ണൻ, കമ്മിറ്റി അംഗങ്ങളായ ശക്തിധരൻ, രാധാകൃഷ്ണൻ, ഡിവിഷൻ കൗൺസിലർ കെ.വി.പി. കൃഷ്ണകുമാർ എന്നിവർ ചേർന്ന് പുരോഹിതസംഘത്തെ സ്വീകരിച്ചു. ഹിന്ദു ദേവസ്വം ബോർഡ് സെക്രട്ടറി ടി.ആർ. ദേവൻ, ബോർഡ് അംഗങ്ങളായ ആർ. ഗിരീഷ്, കെ.പി. ശിവദാസ്, രതീഷ് ഹരിഹരൻ, ലെയ്സൻ ഓഫീസർ കെ.ബി. മുരുകൻ, ലേഖ നായക് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# തദ്ദേശ സ്വയംഭരണ സ്ഥാപന പരിധികളിൽ മോഡൽ കൃഷിയിടങ്ങൾ ഉണ്ടാകണം : മന്ത്രി പി. പ്രസാദ്

**കൊച്ചി:** സംസ്ഥാനത്തെ തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന പ്രകൃതി കൃഷി പദ്ധതിയിലൂടെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധികളിലും മോഡൽ കൃഷിയിടങ്ങൾ ഉണ്ടാകണമെന്ന് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് പറഞ്ഞു. തൃശ്ശൂർ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ സംഘടിപ്പിച്ച നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (എൻ എം എൻ എഫ്) പദ്ധതിയുടെ ഭാഗമായി കേരള മോഡൽ ഉത്തരവാദിത്ത പ്രകൃതി കൃഷി ഉപമിഷന്റെ (കെ എം ആർ എൻ എഫ്) നേതൃത്വത്തിൽ സംഘടിപ്പിച്ച ഏകദിന ശിൽപശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിഷരഹിത കാർഷിക ഉത്പാദനത്തെ കുറിച്ച് അറിവ് നൽകുന്ന ഇടങ്ങളായി പ്രസ്തുത കൃഷിയിടങ്ങൾ മാറണമെന്നും അദ്ദേഹം പറഞ്ഞു.

സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുകയും സംസ്ഥാനതലത്തിൽ പ്രകൃതി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള ഏകോപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ് ശിൽപശാലയുടെ ലക്ഷ്യം. സംസ്ഥാനത്തെ 14 ജില്ലകളിലായി 290 പഞ്ചായത്തുകളിൽ 102 ക്ലസ്റ്ററുകളിലായി ആകെ 5100 ഹെക്ടർ പ്രദേശത്ത് നിലവിൽ പ്രകൃതി കൃഷി നടപ്പിലാക്കി വരുന്നു. ജില്ലാ തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 15 ഫാർമർ മാസ്റ്റർ ട്രെയിനർമാരും 204 കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരും പ്രവർത്തിക്കുന്നു. കൃഷി വകുപ്പിന്റെ 41 ഫാമുകളിലായി 22.84 ഹെക്ടറിൽ നാച്ചുറൽ ഫാമിംഗ് മോഡൽ പ്ലോട്ടുകൾ സ്ഥാപിച്ച് പച്ചക്കറി, നെല്ല്, വാഴ, ഇഞ്ചി, മഞ്ഞൾ, കപ്പ, തേങ്ങ, ഔഷധസസ്യങ്ങൾ തുടങ്ങിയ വിളകളുടെ കൃഷി ആരംഭിച്ചിട്ടുണ്ട്.

മിഷൻ മോഡിൽ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി വിപുലമായ പരിശീലന പരിപാടികളും നടപ്പിലാക്കി വരുന്നു. പ്രകൃതി കൃഷിയുടെ പ്രസക്തി, വിളസമ്പ്രദായങ്ങൾ, ജൈവ, വൈവിധ്യം, മണ്ണിന്റെ ആരോഗ്യ പരിപാലനം, ബയോ ഇൻപുട്ട് റിസോഴ്സ് സെന്ററുകൾ തുടങ്ങിയ വിഷയങ്ങളിൽ സീനിയർ കൃഷി ഓഫീസർ രശ്മി എം.വി, കാർഷിക സർവകലാശാല അസോസിയേറ്റ് പ്രൊഫസർ ഡോ. ബിന്ദു ജെ.എസ്, പ്രൊഫസർ ആന്റ് വകുപ്പ് മേധാവി (ഓർഗാനിക് അഗ്രികൾച്ചർ) ഡോ. ബി. അപർണ്ണ എന്നിവർ പരിശീലനം നൽകി തുടർന്ന് സംശയനിവാരണ സെഷനും സംഘടിപ്പിച്ചു. ചടങ്ങിൽ കേരള ഉത്തരവാദിത്ത പ്രകൃതി കൃഷി ഉപമിഷൻ ചെയർമാനും മുൻ ചീഫ് സെക്രട്ടറിയുമായ എസ്. എം. വിജയാനന്ദ് അധ്യക്ഷത വഹിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് അഡിഷണൽ ഡയറക്ടർ എസ്. സിന്ധു, സമേതി ഡെപ്യൂട്ടി ഡയറക്ടർ എസ്. ബി. വിജയശ്രീ, തുടങ്ങിയവർ പങ്കെടുത്തു

## സ്വകാര്യബസുകളുടെ മരണപാച്ചിൽ

# ആർ.ടി.ഒ ഉദ്യോഗസ്ഥർ മിന്നൽപരിശോധന നടത്തണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി :** ചിറ്റൂർചേരാനല്ലൂർ റൂട്ടിൽ സ്വകാര്യ ബസുകളുടെ അമിതവേഗം നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ ബസുകളിൽ മിന്നൽ പരിശോധന നടത്തണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാർ തോമസ് ആർ.ടി.ഒക്ക് നിർദ്ദേശം നൽകി. മത്സരയോട്ടത്തെ കുറിച്ച് ഗുരുതര ആരോപണങ്ങൾ ഉയരുന്ന ബസുകളിൽ യൂണിഫോം ധരിക്കാത്ത ഉദ്യോഗസ്ഥർ യാത്ര ചെയ്യണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

ആരോപണങ്ങളുടെ നിജസ്ഥിതി നേരിട്ട് മനസിലാക്കിയ ശേഷം നിയമനടപടികൾ സ്വീകരിക്കണം. രണ്ടാഴ്ചക്കിടയിൽ മൂന്ന് അപകടങ്ങളാണ് ഇവിടെയുണ്ടായത്. വീതി കുറഞ്ഞ റോഡായതിനാൽ രണ്ടു ബസുകൾക്ക് ഒരുമിച്ച് സഞ്ചരിക്കാൻ സാധിക്കില്ല. ചിറ്റൂർ ഭാഗത്ത് കാനയുടെ മുകളിലുള്ള സ്ലാബിലൂടെയാണ് വാഹനങ്ങൾ പോകുന്നത്. അമിതവേഗതയിൽ സഞ്ചരിക്കുന്ന ബസുകളിൽ നിന്നും ചെറുവാഹനങ്ങൾ രക്ഷപ്പെടുന്നത് ഭാഗ്യം കൊണ്ടാണെന്ന് പറയപ്പെടുന്നു. അമിതവേഗം നിയന്ത്രിക്കാൻ അടിയന്തര നടപടികൾ വേണമെന്ന് പഞ്ചായത്ത് അംഗം കെ.ജി. രാജേഷ് പറഞ്ഞു.

പരാതികളെ കുറിച്ച് ആർ.ടി.ഒ അന്വേഷിക്കണമെന്ന് ജസ്റ്റിസ് അലക്സാർ തോമസ് നിർദ്ദേശിച്ചു. പഞ്ചായത്ത് അംഗത്തിൽ നിന്നും ആർ.ടി.ഒ വിവരങ്ങൾ ശേഖരിക്കണം. മാർച്ച് 3 ന് രാവിലെ 10 ന് പത്തടിപ്പാലം റസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ ആർ.ടി.ഒ സ്വീകരിച്ച നടപടികളെ കുറിച്ച് റിപ്പോർട്ട് സമർപ്പിക്കണം. സിറ്റിംഗിൽ ജോയിന്റ് ആർ.ടി.ഒ. ഹാജരാകണം. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

# ഐ.എ.പി കൊച്ചി: പ്രവർത്തന പദ്ധതികൾ പ്രഖ്യാപിച്ചു




*ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് (ഐ.എ.പി) കൊച്ചിൻ ബ്രാഞ്ചിന്റെ 2026-27 വർഷത്തെ പുതിയ പ്രവർത്തന പദ്ധതികളുടെ പ്രഖ്യാപനവും പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും സി. ഐ. എ. പി നിയുക്ത ദേശീയ പ്രസിഡന്റ് ഡോ.എം. ശിങ്കാര വേലു ഉദ്ഘാടനം ചെയ്യുന്നു. ഡോ.എം. നാരായണൻ, ഡോ. എം. വേണുഗോപാൽ ഡോ. ഒ. ജോസ്, ഡോ. എം. കെ നന്ദകുമാർ, ഡോ. അതുൽ ജോസഫ് മാനുവൽ, ഡോ. സച്ചിദാനന്ദ കമ്മത്ത്, ഡോ. ആർ. രമേഷ് കുമാർ, ഡോ. കെ. ജി വിജയൻ, ഡോ. വിവിൻ അബ്രാഹം, ഡോ. സത്യജിത്ത് നായർ, ഡോ. തോമസ് രഞ്ജിത് , തുടങ്ങിയവർ സമീപം*

**കൊച്ചി:** ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് (ഐ.എ.പി) കൊച്ചിൻ ബ്രാഞ്ചിന്റെ 2026-27 വർഷത്തെ പുതിയ പ്രവർത്തന പദ്ധതികളുടെ പ്രഖ്യാപനവും പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും നടന്നു. 2024-25 വർഷത്തെ പ്രസിഡന്റ് ഡോ. വിവിൻ അബ്രാഹമിന്റെ അധ്യക്ഷതയിൽ കലൂർ ഐ.എം.എ ഹൗസിൽ നടന്ന സമ്മേളനം സി. ഐ. എ. പി നിയുക്ത ദേശീയ പ്രസിഡന്റ് ഡോ.എം. ശിങ്കാര വേലു ഉദ്ഘാടനം ചെയ്തു.

ഐ.എ.പി കേരള മുൻ പ്രസിഡന്റ് ഡോ. എം. നാരായണൻ പുതിയ പ്രസിഡന്റ് ഡോ. കെ. ജി വിജയനെ പരിചയപ്പെടുത്തി. ഡോ. എം. വേണുഗോപാൽ പുതിയ ഭാരവാഹികളുടെ സ്ഥാനമേൽക്കൽ ചടങ്ങിന് നേതൃത്വം നൽകി. സി.ഐ.എ.പി ദക്ഷിണ മേഖല വൈസ് പ്രസിഡന്റ് ഡോ. ഒ. ജോസ്, ഐ.എ.പി കേരള ഘടകം പ്രസിഡന്റ് ഡോ. എം. കെ നന്ദകുമാർ, സി.ഐ.എ.പി മുൻ ദേശീയ പ്രസിഡന്റുമാരായ ഡോ. എസ്. സച്ചിദാനന്ദ കമ്മത്ത്, ഡോ. ആർ. രമേഷ് കുമാർ, കൊച്ചിൻ ഐ.എം.എ പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവൽ, 2024 25 വർഷത്തെ ഐ.എ.പി കൊച്ചിൻ ബ്രാഞ്ച് സെക്രട്ടറി ഡോ. എബി മാത്യു, ഐ.എ.പി കൊച്ചി ബ്രാഞ്ച് പുതിയ സെക്രട്ടറി ഡോ.സത്യജിത്ത് നായർ, തുടങ്ങിയവർ സംസാരിച്ചു.

## വിടപറഞ്ഞുവെങ്കിലും അയ്യപ്പൻ ഇനി മറ്റുള്ളവരിലൂടെ ജീവിക്കും

**കൊച്ചി:** മുൻ ഐഎസ്ആർഒ ഉദ്യോഗസ്ഥനായ അയ്യപ്പൻ (75) ഇനി മറ്റുള്ളവരിലൂടെ ജീവിക്കും. കഴിഞ്ഞ ഫെബ്രുവരി അഞ്ചിന് ക്ഷേത്രദർശനം കഴിഞ്ഞ് മടങ്ങുന്നതിനിടെ തൃപ്പൂണിത്തുറയിൽ വച്ചുണ്ടായ ബൈക്ക് അപകടത്തിലാണ് പൂണിത്തുറ അമൃതഗിരി വീട്ടിൽ പി. അയ്യപ്പന് ഗുരുതരമായി പരിക്കേറ്റത്; തുടർന്ന് കൊച്ചി അമൃത ആശുപത്രിയിൽ ചികിത്സയിലായിരുന്ന അദ്ദേഹത്തിന്റെ മസ്തിഷ്ക മരണം കഴിഞ്ഞ ദിവസം ഡോക്ടർമാർ സ്ഥിരീകരിക്കുകയായിരുന്നു. അന്തരിച്ച ലതയാണ് അയ്യപ്പന്റെ ഭാര്യ. അമൃത ആശുപത്രിയിലെ ബ്ലഡ് ബാങ്ക് ജീവനക്കാരിയായ മകൾ ധന്യയും, മകൻ ധനേഷും കടുത്ത ദുഃഖത്തിനിടയിലും അവയവദാനം എന്ന മഹത്തായ തീരുമാനത്തിന് മുന്നോട്ടുവരികയായിരുന്നു.

സർക്കാർ ഏജൻസിയായ കെസോട്ടോ വഴിയാണ് അവയവദാനം നടപടികൾ പൂർത്തിയാക്കിയത്. അയ്യപ്പന്റെ വലതു കൈ ഇന്ത്യയിലെ ആദ്യ കൈമാറ്റ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ പ്രശസ്ത സർജൻ ഡോക്ടർ സുബ്രഹ്മണ്യ അയ്യരുടെ നേതൃത്വത്തിലാണ് അമൃത ആശുപത്രിയിൽ തന്നെ ചികിത്സയിലുള്ള പത്തനംതിട്ട ജില്ലയിലെ പെരുനാട് സ്വദേശി 47 വയസ്സുള്ള കിഷോറിനു നൽകിയത്. അമൃത ആശുപത്രിയിൽ തന്നെ ചികിത്സയിലുള്ള മറ്റൊരു പത്തനംതിട്ട ജില്ലയിലെ കുമ്പഴ വെട്ടൂർ സ്വദേശി ആയ 58 കാരന് കരൾ മാറ്റിവെക്കൽ നടത്തിയത്. ശസ്ത്രക്രിയ ഡോക്ടർ ബിനോജ്. എസ്. ടി., ഡോക്ടർ സുധീന്ദ്രൻ. എസ്. എന്നിവരുടെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘമാണ് ശസ്ത്രക്രിയ നടത്തിയത്. കണ്ണുകൾ നേത്രബാങ്കിലേക്ക് ദാനം ചെയ്തു.

അച്ഛന്റെ വിയോഗം വലിയൊരു വേദനയാണെങ്കിൽ പോലും അച്ഛൻ വഴി ഒരുപാട് ആളുകൾക്ക് ജീവിതം തിരികെ ലഭിക്കുന്നത് സന്തോഷം നൽകുന്ന കാര്യമാണെന്നും, അവയവദാനത്തിന്റെ പ്രസക്തി തങ്ങൾക്ക് ബോധ്യമുണ്ടെന്നും തങ്ങളുടെ പിതാവിന് നൽകാവുന്ന ഏറ്റവും വലിയ ആദരമാണ് ഇതെന്നും മക്കളായ ധന്യയും ധനേഷും പറഞ്ഞു. മരണാനന്തര അവയവ ദാനത്തിലൂടെ സമൂഹത്തിന് മാതൃകയായ അയ്യപ്പന്റെ മൃതദേഹം അമൃത ആശുപത്രിയിൽ പൊതുദർശനത്തിന് വച്ചപ്പോൾ ഡോക്ടർമാരും ജീവനക്കാരുമടക്കമുള്ളവർ അന്തിമോപചാരം അർപ്പിക്കുകയും ഗാർഡ് ഓഫ് ഓണർ നൽകുകയും ചെയ്തു .

## ടി. നസറുദ്ദീൻ അനുസ്മരണം നടത്തി



*കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിയ ടി. നസറുദ്ദീൻ അനുസ്മരണ സമ്മേളനത്തിൽ യൂണിറ്റ് പ്രസിഡന്റ് എഡ്വേർഡ് ഫോസ്റ്റസ്, വൈസ് പ്രസിഡന്റ് പി. വി മോഹൻദാസ്, ജനറൽ സെക്രട്ടറി എം. മനോജ്കുമാർ, ട്രഷറർ പി. എ സഫറുള്ള തുടങ്ങിയവരുടെ നേതൃത്വത്തിൽ അഭിവാദ്യം അർപ്പിക്കുന്നു.*

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ നേതൃത്വത്തിൽ ടി. നസറുദ്ദീൻ അനുസ്മരണം നടത്തി. പൊറ്റക്കുഴി വ്യാപാര ഭവനിൽ നടന്ന നടന്ന അനുസ്മരണ സമ്മേളനത്തിൽ യൂണിറ്റ് പ്രസിഡന്റ് എഡ്വേർഡ് ഫോസ്റ്റസ് , ജനറൽ സെക്രട്ടറി എം. മനോജ് കുമാർ, ട്രഷറർ പി.എ സഫറുള്ള, വൈസ് പ്രസിഡന്റ് പി.വി മോഹൻദാസ് തുടങ്ങിയവർ പ്രസംഗിച്ചു.

## സെർവിക്കൽ കാൻസർ: സൗജന്യ വാക്സിനേഷൻ ക്യാമ്പ്

**കൊച്ചി:** സെർവിക്കൽ കാൻസർ പ്രതിരോധത്തിനായി എറണാകുളം ഫ്യൂച്ചറേസ് ഹോസ്പിറ്റലും തിരുവനന്തപുരം കിംസ്ഹെൽത്ത് കാൻസർ സെന്ററും സംയുക്തമായി സൗജന്യ എച്ച്.പി.വി വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. ഫെബ്രുവരി 14,15 തീയതികളിലായി ഇടപ്പള്ളി ഫ്യൂച്ചറേസ് ഹോസ്പിറ്റലിൽ നടക്കുന്ന ക്യാമ്പിൽ 9 മുതൽ 26 വയസ്സുവരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രതിരോധ കുത്തിവെപ്പ് എടുക്കാം. താൽപര്യമുള്ളവർ 9567887811 എന്ന വാട്സ് ആപ്പ് നമ്പറിൽ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യുക

## റോഡ് സുരക്ഷാ കൺവെൻഷൻ സംഘടിപ്പിച്ചു

**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) റോഡ് സുരക്ഷാ കൺവെൻഷൻ സംഘടിപ്പിച്ചു. വിദ്യാർത്ഥികളിൽ സുരക്ഷിതമായ റോഡ് ശീലങ്ങൾ വളർത്തിയെടുക്കുക എന്നതാണ് ലക്ഷ്യം. നഗരത്തിലെ 200ലധികം സ്കൂളുകളിൽ നിന്നുള്ള പ്രിൻസിപ്പൽമാരും അധ്യാപകരും പങ്കെടുത്തു. റോഡ് സുരക്ഷ ശീലങ്ങൾ വളർത്തിയെടുക്കാൻ സഹായിക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന അവബോധ മൊഡ്യൂളുകൾ സെഷനുകളിൽ അധ്യാപകർക്ക് പരിചയപ്പെടുത്തി. ഈ മൊഡ്യൂളുകൾ അവരുടെ പാഠ്യപദ്ധതിയിൽ ഉൾപെടുത്തി റോഡ് സുരക്ഷാ വിദ്യാഭ്യാസം സജീവമാക്കാൻ സ്കൂളുകളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് പ്രാഥമിക ലക്ഷ്യം. എറണാകുളം എൻഫോഴ്സ്മെന്റിലെ ട്രാൻസ്പോർട്ട് ഓഫീസർ ബിജു ഐസക്, എറണാകുളം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സുബിൻ പോൾ, ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ ഡിവിഷൻ ഹെഡ് എക്സ്റ്റേണൽ അഫയേഴ്സ് നിതിൻ പവാർ എന്നിവർ കൺവെൻഷനിൽ പങ്കെടുത്തു .

## സൗജന്യ ഡയബറ്റിക് ഷാർകോട്ട് ഫൂട്ട് സ്ക്രീനിങ് ക്യാമ്പ്

**കൊച്ചി:** പ്രമേഹം മൂലം കാലുകളിലെ അസ്ഥികളിലും സന്ധികളിലുമുണ്ടാകുന്ന കേടുപാടുകൾ കണ്ടെത്തുന്നതിനായി വി.പി.എസ് ലേക്ഷോർ ആശുപത്രിയിൽ വാലന്റൈൻസ് ദിനത്തിൽ സൗജന്യ ഡയബറ്റിക് ഷാർകോട്ട് ഫൂട്ട് സ്ക്രീനിങ് ക്യാമ്പ് സംഘടിപ്പിക്കും. ഫൂട്ട് ആൻഡ് ആങ്കിൾ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 14ന് രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ നടക്കുന്ന ക്യാമ്പിന് ഓർത്തോപീഡിക്സ് സീനിയർ കൺസൾട്ടൻറ് ഡോ. രാജേഷ് സൈമൺ, കൺസൾട്ടന്റ് ഡോ. പി. ഡെന്നീസ് ജോസ് എന്നിവർ നേതൃത്വം നൽകും. പ്രമേഹത്തെ തുടർന്ന് കാലുകളിൽ വീക്കം, ചുവപ്പ് നിറം, വ്രണം, കാലുകളുടെ ഘടനാമാറ്റം തുടങ്ങിയ പ്രശ്നങ്ങൾ ഉള്ളവർ, സംവേദനശേഷി നഷ്ടപ്പെടുന്ന സ്ഥിതിയുള്ളവർ, നടക്കാൻ പ്രയാസമനുഭവപ്പെടുന്നവർ തുടങ്ങിയവർക്ക് ക്യാമ്പിൽ പങ്കെടുക്കാം. രജിസ്ട്രേഷന് 0484-2154362, 9074550220 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ വിവിധ വാർഡുകളിലേക്ക് ആവശ്യമായ 'ബി ടൈപ്പ് നൈട്രസ് ഓക്സൈഡ്' സിലിറുകൾ റീഫിൽ ചെയ്തു നൽകുന്നതിന് ടെൻഡർ ക്ഷണിച്ചു.ഫെബ്രുവരി 21 വരെ ടെൻഡറുകൾ സമർപ്പിക്കാം. ഫോൺ : 0484-2783495

സൊസൈറ്റി ടുഡേ
SOCIETY TODAY

## എറണാകുളം ജില്ലാ ക്രിക്കറ്റ് അസോസിയേഷൻ: ഭാരവാഹികളെ തിരഞ്ഞെടുത്തു





**കൊച്ചി:** എറണാകുളം ജില്ലാ ക്രിക്കറ്റ് അസോസിയേഷന്റെ 2026-2030 കാലയളവിലേക്കുള്ള പുതിയ ഭാരവാഹികളെയും എക്സിക്യൂട്ടീവ് കമ്മിറ്റിയെയും തിരഞ്ഞെടുത്തു. പി ശിവകുമാർ (പ്രസിഡന്റ്), ആർ. കാർത്തികേയ വർമ്മ (ഓണററി സെക്രട്ടറി), പി. വിനോദ് മാത്യു (ഓണററി ട്രഷറർ), ജസ്റ്റിൻ പി. ആൻഡ്രൂസ്, എസ്. സുനിൽകുമാർ , സി. ജി ഹരിഷ്, വിശ്വജിത്ത് രാധാകൃഷ്ണൻ (വൈസ് പ്രസിഡന്റുമാർ), മാർട്ടിൻ ആന്റണി (ഓണററി ജോയിന്റ് സെക്രട്ടറി), മനോജ് പി മോഹൻ (ഓണററി അസിസ്റ്റന്റ് സെക്രട്ടറി), ജയേഷ് ജോർജ്, അനിൽ വർഗീസ് (കെ സി എ പ്രതിനിധികൾ), സിജു ടി ആർ (ജില്ലാ സ്പോർട്സ് കൗൺസിൽ പ്രതിനിധി), സെന്റ് ജോർജ്ജ് യുണൈറ്റഡ്, സ്പാർട്ടൻസ് ക്രിക്കറ്റ് ക്ലബ്, കൗി ക്രിക്കറ്റ് അക്കാദമി, ആന്റലോപ്പ് പി സി സി, യുണൈറ്റഡ് ക്രിക്കറ്റ് അക്കാദമി (എക്സിക്യൂട്ടീവ് കമ്മിറ്റി പ്രതിനിധികൾ).

## എം.എസ്.എം. ഇ സൗജന്യ ശിൽപ്പശാല

**കൊച്ചി:** ഉത്പാദനക്ഷമത മാസാചരണത്തിന്റെ ഭാഗമായി കേരളാ സംസ്ഥാന ഉത്പാദനക്ഷമതാ സമിതി മൈക്രോ സ്മാൾ മീഡിയം വ്യവസായ അധിഷ്ഠിത സ്ഥാപനങ്ങൾക്കായി ഉത്പാദനക്ഷമതാ വർദ്ധന സംബന്ധിച്ച് സൗജന്യ ശില്പശാല സംഘടിപ്പിക്കുന്നു. ഫെബ്രുവരി 16 ന് കളമശ്ശേരി എച്ച്എംടി റോഡിലുള്ള പ്രൊഡക്ടിവിറ്റി കൗൺസിൽ ഹാളിലാണ് ശിൽപ്പശാല. വിശദ വിവരങ്ങൾക്കും സൗജന്യ രജിസ്ട്രേഷനും 9961431060 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ഡിസൈൻ അൺഫിൽട്ടേർഡ് ആറാം പതിപ്പ് കൊച്ചിയിൽ സംഘടിപ്പിച്ചു



**കൊച്ചി:** ആർക്കിടെക്ചർ, ഡിസൈൻ കോൺഫറൻസായ ഡിസൈൻ അൺഫിൽട്ടേർഡിന്റെ ആറാം പതിപ്പ് കൊച്ചിയിൽ നടന്നു. ഇന്ത്യയിലുടനീളമുള്ള ആർക്കിടെക്ചർ വിദ്യാർത്ഥികളും യുവ പ്രൊഫഷണലുകളും പങ്കെടുത്ത പരിപാടിയിൽ നിർമ്മാണവസ്തുക്കളെ കുറിച്ചുള്ള ധാരണ, പ്രാദേശികമായ അറിവ് എന്നിവ ചർച്ച ചെയ്തു. 26 നഗരങ്ങളിലായി നടക്കുന്ന ഡിസൈൻ അൺഫിൽട്ടേർഡിന്റെ കൊച്ചി എഡിഷൻ ക്യൂറേറ്റ് ചെയ്തത് ഓക്സ്ഫോർഡ് ബ്രൂക്ക് യൂണിവേഴ്സിറ്റിയിൽ നിന്ന് ആർക്കിടെക്ചറിൽ ബിരുദാനന്തര ബിരുദം നേടിയ ആർക്കിടെക്റ്റ് കൊച്ചുതൊമ്മൻ മാത്യുവാണ്. ആർക്കിടെക്ചറിന്റെയും ഡിസൈനിന്റെയും നൂതന പ്രവണതകൾ ചർച്ച ചെയ്യുന്ന പ്ലാറ്റ്ഫോമാണ് ഡിസൈൻ അൺഫിൽട്ടേർഡ്. 2026 ൽ ഇരുപത്തിയാറ് നഗരങ്ങളിൽ കോൺഫറൻസ് സംഘടിപ്പിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് കൊച്ചിയിൽ ഡിസൈൻ അൺഫിൽറ്റേർഡ് സംഘടിപ്പിച്ചത് . കോൺഫെറൻസിൽ മെറ്റീരിയൽ, മണി, മൈൻഡ്സെറ്റ് എന്നീ വിഷയങ്ങളിൽ പാനൽ ചർച്ചകൾ നടന്നു.

## ഓൺലൈൻ തട്ടിപ്പ് തടയാൻ മെറ്റയുടെ പ്രചാരണം

**കൊച്ചി:** പതിവ് ഓൺലൈൻ തട്ടിപ്പുകൾ തിരിച്ചറിയാനും ചോദ്യം ചെയ്യാനും റിപ്പോർട്ട് ചെയ്യാനും ആളുകളെ സഹായിക്കുന്നതിനായി മെറ്റ അവരുടെ 'സ്കാം സേ ബചോ' എന്ന പുതുക്കിയ ഡിജിറ്റൽ അവബോധ പ്രചാരണം ആരംഭിച്ചു. ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്റർ (ഐ4സി), സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) എന്നിവയുമായി സഹകരിച്ചു കൊണ്ടാണ് പ്രചാരണം. പ്രചാരണത്തിൽ നടി നീന ഗുപ്തയും പ്രമുഖ ഡിജിറ്റൽ ക്രിയേറ്റർമാരും പങ്കെടുക്കുന്നു. മുൻകൂർ ഫീസ് ആവശ്യപ്പെടുന്ന വ്യാജ ജോലി ഓഫറുകൾ, ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകൾ, വഞ്ചനാപരമായ നിക്ഷേപ പദ്ധതികൾ എന്നിവയുൾപ്പെടെ പ്രചാരത്തിലുള്ള തട്ടിപ്പ് രീതികൾ ചൂണ്ടിക്കാട്ടിയാണ് പ്രചാരണം. നീന ഗുപ്തയ്ക്കൊപ്പം സുകൃതി ചതുർവേദി, യുവരാജ് ദുവ, ശ്രേയസ് മെന്ദിരാട്ട എന്നിവരും പ്രചാരണത്തിൽ അണി ചേരുന്നുണ്ട്.

# ടാറ്റ മോട്ടോഴ്സ് തമിഴ്നാട്ടിൽ പുതിയ ഉൽപ്പാദന യൂണിറ്റ് ആരംഭിച്ചു




**കൊച്ചി:** ടാറ്റ മോട്ടോഴ്സ് പാസഞ്ചർ വെഹിക്കിൾസ് ലിമിറ്റഡ് (ടിഎംപിവി)ന്റെ ഉപകമ്പനിയായ ജാഗ്വർ ലാൻഡ് റോവർ ഓട്ടോമോട്ടീവ് പിഎൽസി (ജെഎൽആർ)യും ചേർന്ന് തമിഴ്നാട്ടിലെ റാണിപേട്ട് ജില്ലയിലെ പനപാക്കത്ത് സ്ഥാപിച്ച പുതിയ നിർമാണശാലയുടെ പ്രവർത്തനം ആരംഭിച്ചു. പ്ലാന്റിന്റെ ആദ്യ ഘട്ട പ്രവർത്തനമാണ് ആരംഭിച്ചിരിക്കുന്നത്. ടിഎംപിവിയും ജെഎൽആർ ബ്രാൻഡുകളും ഉൾപ്പെടുന്ന അടുത്ത തലമുറ ഇലക്ട്രിക് വാഹനങ്ങൾ ഉൾപ്പെടെ ഇവിടെ നിർമിക്കാനാണ് ലക്ഷ്യമിടുന്നത്. ഈ പ്ലാന്റിൽ നിന്നും ആദ്യ വാഹനമായ ജെഎൽആറിന്റെ ആഡംബര എസ്‌യുവി റേഞ്ച് റോവർ ഇവോക് പുറത്തിറക്കും. തമിഴ്നാട് മുഖ്യമന്ത്രി എം. കെ. സ്റ്റാലിനും ടാറ്റ സൺസ്, ടാറ്റ മോട്ടോഴ്സ് പാസഞ്ചർ വാഹനങ്ങളുടെ ചെയർമാൻ എൻ. ചന്ദ്രശേഖരനും ചേർന്നാണ് നിർമാണശാല ഉദ്ഘാടനം ചെയ്തത്.

മന്ത്രിമാർ, ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, ടിഎംപിവി, ജെഎൽആർ, ടാറ്റ ഗ്രൂപ്പ് എന്നിവയുടെ മുതിർന്ന നേതാക്കൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. രാജ്യനിർമാണത്തിൽ ടാറ്റ ഗ്രൂപ്പിന് നിർണായക പങ്കുണ്ടെന്നും തമിഴ്നാടുമായി ടാറ്റ ഗ്രൂപ്പിന് ദീർഘകാലവും ചരിത്രപരവുമായ ബന്ധമുണ്ടെന്നും പനപാക്കം പ്ലാന്റിന്റെ പ്രവർത്തനാരംഭവും ആദ്യ റേഞ്ച് റോവർ ഇവോകിന്റെ പുറത്തിറക്കലും സംസ്ഥാനത്തിന്റെ ലോകോത്തര ഓട്ടോമോട്ടീവ് നിർമാണ ശേഷിയെ കൂടുതൽ ശക്തിപ്പെടുത്തുന്നുവെന്ന് ഉദ്ഘാടനം നിർവഹിച്ച് മുഖ്യമന്ത്രി എം. കെ. സ്റ്റാലിൻ പറഞ്ഞു.

പനപാക്കം പ്ലാന്റിന്റെ ഉദ്ഘാടനം സുസ്ഥിരവും നിർമാണ രംഗത്ത് ഇന്ത്യയുടെ നേതൃസ്ഥാനത്തെ വേഗത്തിലാക്കുന്ന ടാറ്റ ഗ്രൂപ്പിന്റെ യാത്രയിലെ പ്രധാന നാഴികക്കല്ലാണെന്നും മികച്ച ഗുണനിലവാരവും സാങ്കേതിക മികവും കൈവരിക്കുന്ന വാഹനങ്ങൾ ഇന്ത്യയ്ക്കും ലോകത്തിനും നൽകുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും ടാറ്റ സൺസ് ചെയർമാൻ എൻ. ചന്ദ്രശേഖരൻ പറഞ്ഞു. നിർമാണശാലയെ ദീർഘകാല വളർച്ചയ്ക്ക് അനുയോജ്യമായ അത്യാധുനിക കേന്ദ്രമാക്കാൻ ഏകദേശം 9,000 കോടി രൂപ നിക്ഷേപിക്കാനാണ് ടിഎംപിവിയുടെ ലക്ഷ്യം.

ഇതിലൂടെ 5,000ത്തിലധികം പേർക്ക് നേരിട്ടും പരോക്ഷവുമായി തൊഴിൽ അവസരങ്ങൾ ലഭിക്കുമെന്ന് കമ്പനി അറിയിച്ചു. അത്യാധുനിക നിർമാണ സാങ്കേതികവിദ്യകളും പ്രാവീണ്യമുള്ള തൊഴിലാളികളും ഒന്നിക്കുന്നതാണ് ടിഎംപിവിയുടെ പനപാക്കം പ്ലാന്റ്. തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഷോപ്പ്ഫ്ളോർ ടെക്നീഷ്യൻമാർ ഇവിടെ പ്രവർത്തിക്കുന്നു. ഇവർ ടാറ്റ മോട്ടോഴ്സിന്റെ 'ലക്ഷ്യ' പദ്ധതിയുടെ ഭാഗമായാണ് പരിശീലനം നേടിയത് 'പഠിക്കുമ്പോൾ സമ്പാദിക്കുക' മാതൃകയിൽ, എൻജിനീയറിംഗ്, മാനേജ്മെന്റ് തലങ്ങളിലേക്ക് വളർച്ചയ്ക്ക് വഴിയൊരുക്കുന്നതാണ് പദ്ധതി.

# 'ജോയ് ഓഫ് ലേണിംഗ്' വർക്ക്ഷോപ്പുമായി കൊച്ചി മുസിരിസ് ബിനാലെ



**കൊച്ചി:** പഠനം ജീവിതാനുഭവങ്ങളിൽ അധിഷ്ഠിതമായിരിക്കണമെന്ന സന്ദേശമുയർത്തി ഫോർട്ട് കൊച്ചി വാട്ടർ മെട്രോയിലെ എ.ബി.സി ആർട്ട് റൂമിൽ 'ദ ജോയ് ഓഫ് ലേണിംഗ്' ശിൽപ്പശാല സംഘടിപ്പിച്ചു. ഗോവ ആസ്ഥാനമായുള്ള 'ദ ലേണിംഗ് സെന്റർ' (ടി.എൽ.സി) നടത്തിയ ദ ജോയ് ഓഫ് ലേണിംഗ്: ഹൗ വി അപ്രോച്ച് ലേണിംഗ് എന്ന വർക്ക്ഷോപ്പ്, അനുഭവങ്ങളിലൂടെയുള്ള പഠനത്തിന്റെ പ്രാധാന്യം വിവരിച്ചു.

ടി.എൽ.സിയിലെ വിദ്യാർത്ഥികൾ നയിച്ച ശിൽപ്പശാലയിൽ, പ്രായോഗികവും വ്യക്തിപരവുമായ ഇടപെടലുകളിലൂടെ അറിവ് നേടുന്ന രീതിക്കാണ് മുൻഗണന നൽകിയത്. ടി.എൽ.സിയുടെ സവിശേഷമായ പഠനരീതികൾ നേരിട്ട് മനസ്സിലാക്കുന്നതിനായി വിദ്യാർത്ഥി കൾക്ക് വിവിധ കളികളും വർക്ക്ഷോപ്പിന്റെ ഭാഗമായി സംഘടിപ്പിച്ചു. ശാസ്ത്രം, സമൂഹം, ഭാഷ എന്നിവ സ്വാഭാവികമായി ഒത്തുചേരുന്ന ജീവിതത്തെ സമഗ്രമായ രീതിയിൽ മനസ്സിലാക്കാനാണ് ടി.എൽ.സിയിൽ തങ്ങൾ ശ്രമിക്കുന്നതെന്ന് ശിൽപ്പശാലക്ക് നേതൃത്വം നൽകിയ കൗശിക് പ്രണൂ പറഞ്ഞു.

കുട്ടികൾ പ്രത്യേക നിർദ്ദേശങ്ങളൊന്നുമില്ലാതെ തന്നെ സ്വയം ചിത്രങ്ങൾ വരയ്ക്കുന്നതും കളിക്കുന്നതും ഒത്തൊരുമിച്ച് പഠിക്കുന്നതും കാണുന്നത് ഏറെ സന്തോഷകരമാണെന്നും, വിദ്യാഭ്യാസത്തെ ജീവിതമായിത്തന്നെ കാണുന്നതാണ് ടി.എൽ.സിയുടെ രീതിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# അഞ്ചുദിവസ പ്രവർത്തനവാരം പുനഃപരിശോധിക്കണം: കെ.എം.എ

**കൊച്ചി:** സർക്കാർ വകുപ്പുകളിൽ അഞ്ചുദിവസ പ്രവർത്തനവാരം നടപ്പാക്കാനുള്ള നിർദേശത്തിൽ ആശങ്ക രേഖപ്പെടുത്തി കേരള മാനേജ്മെന്റ് അസോസിയേഷൻ (കെ.എം.എ) കേരള ചീഫ് സെക്രട്ടറിക്ക് നിവേദനം സമർപ്പിച്ചു. നിവേദനം ജീവനക്കാരുടെ ക്ഷേമവുമായി ബന്ധപ്പെട്ടതല്ലെന്നും പൊതുസേവന വിതരണം, ഭരണകാര്യക്ഷമത, സാമ്പത്തിക പ്രവർത്തനം എന്നിവയിൽ ഇത്തരം മാറ്റമുാക്കുന്ന സ്വാധീനങ്ങളിലാണ് കെ.എം.എയുടെ ശ്രദ്ധയെന്നും അസോസിയേഷൻ വ്യക്തമാക്കി. സർക്കാർ ഓഫീസുകൾ പൗരന്മാരും വ്യവസായ മേഖലയുമൊക്കെ സംസ്ഥാനത്തോട് നേരിട്ട് ഇടപെടുന്ന പ്രധാന വേദിയായതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവന സമയം കുറയുന്നത് ആഭ്യന്തര ഭരണപരമായ മാറ്റമല്ല, മറിച്ച് ഭരണപരിഷ്കരണമായി തന്നെ കാണേണ്ടതുണ്ടെന്നും കെ എം എ ചൂിക്കാട്ടി.

രജിസ്ട്രേഷൻ, അനുമതികൾ, പെർമിറ്റുകൾ, നിയമപരമായ അനുസരണങ്ങൾ എന്നിവയ്ക്കായി പൗരന്മാരും സംരംഭകരും ഇതിനകം തന്നെ വലിയ സമയം ചെലവഴിക്കുന്നുന്നെും ഫയലുകളുടെ നീക്കം വൈകുന്നത് സാധാരണ അനുഭവമാണെന്നും അസോസിയേഷൻ പറഞ്ഞു. നിലവിലുള്ള ഘടനാപരമായ അപര്യാപ്തതകൾ പരിഹരിക്കാതെ പ്രവർത്തന ദിവസങ്ങൾ കുറച്ചാൽ ഭരണകാര്യ ശേഷി കൂടുതൽ ചുരുങ്ങും. അതോടെ ഫയലുകളും അനുമതികളും കെട്ടിക്കിടക്കുന്നത് വർധിക്കുകയും പൗരന്മാരുടെയും ബിസിനസുകളുടെയും ഉത്പാദക സമയം നഷ്ടപ്പെടുകയും 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' സംബന്ധിച്ച പ്രതികൂല ധാരണ രൂപപ്പെടുകയും ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഇടയാക്കുമെന്നും കെ.എം.എ മുന്നറിയിപ്പ് നൽകി.

സമയബന്ധിത സേവനവിതരണം ഉറപ്പാക്കൽ, പൂർണ ഡിജിറ്റൽ പ്രോസസ്സിംഗ്, ഉൽപാദനക്ഷമതാ മാനദണ്ഡങ്ങൾ, പൈലറ്റ് പരീക്ഷണം, പങ്കാളികളുടെ അഭിപ്രായ ശേഖരണം എന്നിവ നടപ്പാക്കിയതിന് ശേഷം മാത്രമേ ഇത്തരമൊരു മാറ്റം പരിഗണിക്കാവൂ എന്നും അസോസിയേഷൻ ശുപാർശ ചെയ്തു. സമഗ്രമായ പൊതുചർച്ചയും തയ്യാറെടുപ്പ് വിലയിരുത്തലും പൂർത്തിയാകുന്നതുവരെ തീരുമാനം മാറ്റിവെക്കണമെന്നും ഭരണസേവനങ്ങളിലേക്കുള്ള പൊതുജനപ്രവേശനം കേരളത്തിന്റെ വികസന മാതൃകയുടെ കേന്ദ്രബിന്ദുവായി തുടരണമെന്നും കെ എം എ സർക്കാരിനോട് അഭ്യർഥിച്ചു.

# ജി ടെക് മാരത്തോൺ 15 ന് ഇൻഫോപാർക്കിൽ



**കൊച്ചി:** യുവാക്കളിൽ വർധിച്ചുവരുന്ന ലഹരി ഉപയോഗത്തെ തടയുക എന്ന ലക്ഷ്യത്തോടെ, കേരളത്തിലെ ഐടി കമ്പനികളുടെ ഇൻഡസ്ട്രി ബോഡിയായ ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസ് (ജി ടെക്) സംഘടിപ്പിക്കുന്ന മാരത്തണിന്റെ നാലാം എഡിഷൻ ഈമാസം 15ന് കൊച്ചി ഇൻഫോപാർക്കിൽ നടക്കും. കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാർ, പൊലീസ് ആർമി നേവി സേനാംഗങ്ങൾ, ബാങ്കിങ് മേഖലയിലെ ജീവനക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, ഐടി പ്രൊഫഷണലുകൾ, ഫിറ്റ്നസ് മേഖലയിൽ പ്രവർത്തിക്കുന്നവർ എന്നിങ്ങനെ പതിനായിരത്തിലധികം ആളുകൾ മാരത്തണിൽ പങ്കെടുക്കും.

21.1 കിലോമീറ്റർ ഹാഫ് മാരത്തൺ, 10 കിലോമീറ്റർ മാരത്തൺ, 3 കിലോമീറ്റർ റൺ എന്നിങ്ങനെയാണ് മത്സരങ്ങൾ. 12 വയസിന് താഴെയുള്ളവർക്കായി 3 കിലോമീറ്റർ പ്രത്യേക മത്സരവും സംഘടിപ്പിക്കുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇൻഫോപാർക്ക് ക്യാംപസിൽ സംഘടിപ്പിക്കുന്ന മാരത്തണിൽ രാജ്യത്തെ 650 നഗരങ്ങളിൽനിന്നും 5 വിദേശരാജ്യങ്ങളിൽനിന്നുമുള്ള ദീർഘദൂര ഓട്ടക്കാർ പങ്കെടുക്കും. മത്സരാർഥികളിൽ 33 ശതമാനവും സ്ത്രീകളാണെന്നതാണ് പ്രത്യേകത. ട്രാൻസ്ജെൻഡർ വിഭാഗവും മത്സരരംഗത്തു്. പ്രായപരിധിയില്ലാത്ത ആവേശമാണ് മാരത്തണിന് ലഭിക്കുന്നതെന്ന് സംഘാടകർ പറഞ്ഞു. പ്രമുഖ ഐടി കമ്പനികളിലെ ജീവനക്കാർക്ക് പുറമെ വിദേശ രാജ്യങ്ങളിൽ നിന്നുള്ള അത്‌ലറ്റുകളും വിവിധ റണ്ണിംഗ് ക്ലബ്ബുകളും മാരത്തണിന്റെ ഭാഗമാകും. മത്സരവിജയികൾക്കുള്ള മെഡലുകൾ കായികമന്ത്രി വി അബ്ദുറഹ്മാൻ വിതരണം ചെയ്യും. പ്രതിപക്ഷനേതാവ് വി ഡി സതീശൻ, കൊച്ചി മേയർ വി കെ മിനിമോൾ, മറ്റു രാഷ്ട്രീയ പ്രമുഖർ തുടങ്ങിയവർ പങ്കെടുക്കും.

'നോ ടു ഡ്രഗ്സ്, യെസ് ടു ഫിറ്റ്നസ്' (ലഹരി ഉപേക്ഷിക്കൂ, ശാരീരികക്ഷമത നേടൂ) എന്നതാണ് ഇത്തവണത്തെ പ്രമേയം. ലഹരിയുടെ ഉപയോഗത്തിൽനിന്നും സമൂഹത്തെ സംരക്ഷിക്കുക എന്നതാണ് മാരത്തണിലൂടെ ലക്ഷ്യമിടുന്നതെന്ന് ജി ടെക് ചെയർമാൻ വി കെ മാത്യൂസ് പറഞ്ഞു. സർക്കാരിന്റെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ഏറ്റവും വലിയ മാരത്തണിനാണ് കൊച്ചി ആതിഥ്യം വഹിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# അറബ് ഹെൽത്ത് 2026: ആസ്റ്റർ ബൂത്ത് സന്ദർശിച്ച് കർണാടക മന്ത്രി



**ദുബായ്:** അറബ് ഹെൽത്ത് 2026ന്റെ ഭാഗമായുള്ള ആസ്റ്റർ ബൂത്ത് സന്ദർശിച്ച് കർണാടക മെഡിക്കൽ വിദ്യാഭ്യാസ, നൈപുണ്യ വികസന, സംരംഭകത്വ, ഉപജീവന മന്ത്രി ഡോ. ശരൺപ്രകാശ് ആർ. പാട്ടീൽ. ജിസിസി മേഖലയിലും ഇന്ത്യയിലും ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ സാന്നിധ്യം ഉയർത്തിക്കാട്ടുന്നതായിരുന്നു അറബ് ഹെൽത്ത് 2026ലെ ആസ്റ്റർ ബൂത്ത്.

സന്ദർശന വേളയിൽ, ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ സ്ഥാപകനും ചെയർമാനുമായ ഡോ. ആസാദ് മൂപ്പനും ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ അലീഷ മൂപ്പനും ചേർന്ന് ആസ്റ്ററിന്റെ സംയോജിത ആരോഗ്യ സംരക്ഷണ രീതികളെ കുറിച്ച് മന്ത്രിയെ പരിചയപ്പെടുത്തി. ഡിജിറ്റൽ ആരോഗ്യ സംരംഭങ്ങളുടെ പിന്തുണയോടെ, പ്രൈമറി, സെക്കൻഡറി, ടെർഷ്യറി, ക്വാർട്ടേണറി സേവനങ്ങൾ ഉൾക്കൊള്ളുന്ന ആസ്റ്ററിന്റെ സമഗ്ര പരിചരണ മാതൃകയും വ്യക്തമാക്കി.

# യൂണിയൻ ബജറ്റ് 2026: സെമിനാർ സംഘടിപ്പിച്ചു



**കൊച്ചി:** ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ട്സ് ഓഫ് ഇന്ത്യ (ഐ സി എം എ ഐ) കൊച്ചി ചാപ്റ്റർ ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ (ഐ സി എസ് ഐ) കൊച്ചി ചാപ്റ്ററിന്റെ സഹകരണത്തോടെ 'യൂണിയൻ ബജറ്റ് 2026 നേരിട്ടുള്ള നികുതി, പരോക്ഷ നികുതി, സാമ്പത്തിക അവലോകനം' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.ആദായനികുതി (ഇന്റർനാഷണൽ ടാക്സേഷൻ) കൊച്ചി ജോയിന്റ് കമ്മീഷണർ രഘു എമ്മും സെൻട്രൽ ജി എസ് ടി കൊച്ചി ജോയിന്റ് കമ്മീഷണർ ഫറാ സക്കറിയയും സംയുക്തമായി സെമിനാർ ഉദ്ഘാടനം ചെയ്തു.

സാങ്കേതിക സെഷനുകൾക്ക് രഘു എം, ഫറാ സക്കറിയ, കോഴിക്കോട് ഐ ഐ എം സാമ്പത്തിക ശാസ്ത്ര പ്രൊഫസർ രുദ്ര സെൻശർമ എന്നിവർ നേതൃത്വം നൽകി. യൂണിയൻ ബജറ്റ് 2026ലെ പ്രധാന നിർദ്ദേശങ്ങളും അവ നേരിട്ടുള്ള നികുതികളിലും പരോക്ഷ നികുതികളിലും സമഗ്ര സാമ്പത്തിക സാഹചര്യങ്ങളിലും ഉണ്ടാക്കുന്ന പ്രതിഫലനങ്ങളും വിശദമായി അവർ അവതരിപ്പിച്ചു. മാനേജിംഗ് ഡയറക്ടർമാർ, സി ഇ ഒമാർ, സി എഫ് ഒമാർ, ഐ സി എം എ ഐ, ഐ സി എസ് ഐ അംഗങ്ങൾ എന്നിവർ ഉൾപ്പെടെ നിരവധി പേർ സെമിനാറിൽ പങ്കെടുത്തു.

# ക്വാൽക്കോം 2എൻ എം സെമികണ്ടക്ടർ പ്ലാറ്റ്ഫോം അവതരിപ്പിച്ചു

**കൊച്ചി:** ക്വാൽക്കോം ടെക്നോളജീസ് ഇൻക്. അത്യാധുനിക 2 എൻ എം സെമികണ്ടക്ടർ ഡിസൈന്റെ വിജയകരമായ ടേപ്പ്ഔട്ട് പ്രഖ്യാപിച്ചു. ബംഗളൂരു, ചെന്നൈ, ഹൈദരാബാദ് എന്നിവിടങ്ങളിലെ ക്വാൽക്കോമിന്റെ എഞ്ചിനീയറിംഗ് കേന്ദ്രങ്ങൾ സഹകരിച്ച് നടത്തിയ പ്രവർത്തനത്തിന്റെ ഫലമാണ് ഇതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# 'മോസ്ചിപ്പ് ടെക്നോളജീസ്' ബ്ലാസ്റ്റേഴ്സിന്റെ പാർട്ണർ

**കൊച്ചി:** 2025–26 സീസണിലേക്ക് ഒഫീഷ്യൽ ടെക്നോളജി പാർട്ണറായി പ്രമുഖ ആഗോള കമ്പനിയായ മോസ്ചിപ്പ് ടെക്നോളജീസിനെ കേരള ബ്ലാസ്റ്റേഴ്സ് എഫ് സി പ്രഖ്യാപിച്ചു. താരങ്ങളുടെ പ്രകടനവും ആരോഗ്യവും മെച്ചപ്പെടുത്തുന്നതിൽ സാങ്കേതികവിദ്യയുടെ സഹായം ഉറപ്പാക്കുകയാണ് ഈ പങ്കാളിത്തത്തിന്റെ ലക്ഷ്യം. ചിപ്പ് ഡിസൈൻ, ഹാർഡ്‌വെയർ എൻജിനീയറിങ്, ഡിജിറ്റൽ സൊല്യൂഷൻസ് തുടങ്ങിയ മേഖലകളിൽ രണ്ട് പതിറ്റാണ്ടിലേറെ പ്രവൃത്തിപരിചയമുള്ള കമ്പനിയാണ് മോസ്ചിപ്പ്. ഈ സഹകരണത്തിന്റെ ഭാഗമായി താരങ്ങളുടെ ഹെൽത്ത് ഡാറ്റ വിശകലനം ചെയ്യാനും അവരുടെ റിക്കവറിയും ശാരീരികക്ഷമതയും കൃത്യമായി മനസ്സിലാക്കാനും സഹായിക്കുന്ന ഒരു അത്‌ലറ്റ് പെർഫോമൻസ് ആപ്ലിക്കേഷൻ ഇരു കൂട്ടരും ചേർന്ന് വികസിപ്പിക്കും. താരങ്ങളുടെ ആരോഗ്യവിവരങ്ങൾ പരിശീലകർക്കും കളിക്കാർക്കും ഒരുപോലെ ഉപകാരപ്പെടുന്ന രീതിയിൽ വിശകലനം ചെയ്യാൻ സഹായിക്കുന്ന ഒരു എഐ (AI) ആപ്ലിക്കേഷൻ വികസിപ്പിക്കാൻ ഈ സഹകരണം സഹായിക്കുമെന്ന് കേരള ബ്ലാസ്റ്റേഴ്സ് സിഇഒ അഭിക് ചാറ്റർജി പറഞ്ഞു.

# റോഡ് സുരക്ഷാ കൺവെൻഷൻ സംഘടിപ്പിച്ചു

**കൊച്ചി:** ഹോ മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച് എംഎസ്ഐ) റോഡ് സുരക്ഷാ കൺവെൻഷൻ .സംഘടിപ്പിച്ചു. വിദ്യാർത്ഥികളിൽ സുരക്ഷിതമായ റോഡ് ശീലങ്ങൾ വളർത്തിയെടുക്കുക എന്നതാണ് ലക്ഷ്യം. നഗരത്തിലെ 200ലധികം സ്കൂളുകളിൽ നിന്നുള്ള പ്രിൻസിപ്പൽമാരും അധ്യാപകരും പങ്കെടുത്തു. റോഡ് സുരക്ഷ ശീലങ്ങൾ വളർത്തിയെടുക്കാൻ സഹായിക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന അവബോധ മൊഡ്യൂളുകൾ സെഷനുകളിൽ അധ്യാപകർക്ക് പരിചയപ്പെടുത്തി. ഈ മൊഡ്യൂളുകൾ അവരുടെ പാഠ്യപദ്ധതിയിൽ ഉൾപെടുത്തി റോഡ് സുരക്ഷാ വിദ്യാഭ്യാസം സജീവമാക്കാൻ സ്കൂളുകളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് പ്രാഥമിക ലക്ഷ്യം. എറണാകുളം എൻഫോഴ്സ്മെന്റിലെ ട്രാൻസ്പോർട്ട് ഓഫീസർ ബിജു ഐസക്, എറണാകുളം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സുബിൻ പോൾ, ഹോ മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ ഡിവിഷൻ ഹെഡ് എക്സ്റ്റേണൽ അഫയേഴ്സ് നിതിൻ പവാർ എന്നിവർ കൺവെൻഷനിൽ പങ്കെടുത്തു .

# സംരംഭക സൗഹൃദമായി എറണാകുളം; ജില്ലയിലെത്തിയത് 7410 കോടിയുടെ നിക്ഷേപം




**കൊച്ചി:** കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് എറണാകുളം ജില്ലയുടെ വ്യവസായ മേഖലയിൽ 7410 കോടി രൂപയുടെ നിക്ഷേപം സമാഹരിക്കാൻ സാധിച്ചുവെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. പത്തടിപ്പാലം പി ഡബ്ല്യു ഡി റസ്റ്റ് ഹൗസിൽ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച നിക്ഷേപക സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജില്ലയിൽ 386 ഇടത്തരം/വൻകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളാണ് ജില്ലാ വ്യവസായ കേന്ദ്രം സ്വീകരിച്ചത്. ഈ പദ്ധതികളിൽ 135 എണ്ണം ഇതിനോടകം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇതിലൂടെ ജില്ലയിൽ ആകെ 63,000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി. അടുത്ത 15 വർഷത്തിനുള്ളിൽ കേരളം ഒരു പ്രധാന നിക്ഷേപ കേന്ദ്രമായി മാറുമെന്നും മന്ത്രി പറഞ്ഞു.

പെരുമ്പാവൂരിലെ റയോൺസ് ഭൂമിയിലെ വികസന പ്രവർത്തനങ്ങളെക്കുറിച്ചും മന്ത്രി വ്യക്തമാക്കി. അവിടെ 15,000 ചതുരശ്രയടിയിൽ പൂർത്തിയാക്കിയ ആദ്യ വ്യവസായ യൂണിറ്റിന്റെ ഉദ്ഘാടനവും മറ്റു രണ്ട് യൂണിറ്റുകളുടെ തറക്കല്ലിടലും ഇന്ന് നടക്കും. മരങ്ങൾ മുറിക്കാതെ സംരക്ഷിച്ചുകൊണ്ട് 'ഗ്രീൻ ബിൽഡിംഗ്' രീതിയിലാണ് ഈ യൂണിറ്റ് നിർമ്മിച്ചിരിക്കുന്നത്. ഇവിടെ ഇതിനോടകം നൂറോളം പേർക്ക് ജോലി നൽകാൻ സാധിച്ചു. ദാവോസ് സന്ദർശന വേളയിൽ കേരളത്തെ ലോകത്തിന് മുന്നിൽ കൃത്യമായി അവതരിപ്പിക്കാൻ കഴിഞ്ഞുവെന്നും നിക്ഷേപകർക്ക് കേരളത്തിലെ സാമൂഹിക അന്തരീക്ഷത്തിൽ വലിയ വിശ്വാസമുണ്ടെന്നും അദ്ദേഹം പറഞ്ഞു. സംഗമത്തിന്റെ ഭാഗമായി വിവിധ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിച്ചു. 'ബിയോണ്ട് കോംപറ്റീഷൻ: എ ന്യൂ ഗ്രോത്ത് സ്ട്രാറ്റജി' എന്ന വിഷയത്തിൽ ഡോ. പി.പി. വിജയനും, ഇൻവെസ്റ്റ്മെന്റ് പ്രൊജക്റ്റ് പ്രിപ്പറേഷൻ എന്ന വിഷയത്തിൽ ജില്ലാ വ്യവസായ കേന്ദ്രം മാനേജർ പി. സ്വപ്നയും, ഡി.ഐ.സി ഫെസിലിറ്റേഷൻ സപ്പോർട്ടിനെക്കുറിച്ച് മാനേജർ അനീഷ് മാനുവലും സംസാരിച്ചു.

സംരംഭകരുടെ പ്രോജക്റ്റുകൾ വിശദമായി ചർച്ച ചെയ്യുന്ന പ്രത്യേക സെഷനും പരിപാടിയുടെ ഭാഗമായി നടന്നു. ചടങ്ങിൽ ജില്ലാ കളക്ടർ ജി. പ്രിയങ്ക, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എ. നജീബ്, കെ.എസ്.എസ്.ഐ.എ ജില്ലാ പ്രസിഡന്റ് ടോം തോമസ്, ലീഡ് ബാങ്ക് മാനേജർ സി. അഭിലാഷ്, ഡി.ഐ.സി മാനേജർ കെ. സിൻസി മോൾ ആന്റണി എന്നിവരും തിരഞ്ഞെടുക്കപ്പെട്ട നൂറോളം സംരംഭകരും പങ്കെടുത്തു.

# ഇന്ത്യയിലെ ആദ്യ സ്ത്രീ കേന്ദ്രീകൃത ബ്രാഞ്ച് തുറന്ന് എൽഐസി മ്യൂച്വൽ ഫണ്ട്

**ന്യൂഡൽഹി:** മ്യൂചൽ ഫണ്ട് നിക്ഷേപങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനായി എൽഐസി മ്യൂചൽ ഫണ്ട് അസറ്റ് മാനേജ്മെന്റ് ലിമിറ്റഡ് ഇന്ത്യയിലെ ആദ്യത്തെ വനിതാ കേന്ദ്രീകൃത ബ്രാഞ്ച് ഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. ഇതോടെ ഇത്തരമൊരു സംരംഭം ആരംഭിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ അസറ്റ് മാനേജ്മെന്റ് കമ്പനിയായി എൽഐസി മ്യൂചൽ ഫണ്ട് മാറി. സ്ത്രീകളെ സാമ്പത്തികമായി ശാക്തീകരിക്കുന്ന രീതിയിലാണ് ഈ ബ്രാഞ്ച് രൂപകൽപ്പന. വിദ്യാർത്ഥികൾ, വീട്ടമ്മമാർ, ഉദ്യോഗസ്ഥർ, സംരംഭകർ, വിരമിച്ചവർ എന്നിങ്ങനെ വിവിധ ഘട്ടങ്ങളിലുള്ള സ്ത്രീകൾക്ക് വ്യക്തിഗത നിക്ഷേപ മാർഗനിർദ്ദേശങ്ങൾ ഇവിടെ ലഭിക്കും.

ഉൽപ്പന്നങ്ങളുടെ സവിശേഷതകൾ, നടപടിക്രമങ്ങൾ, ദീർഘകാല നിക്ഷേപ തത്വങ്ങൾ എന്നിവയിൽ വ്യക്തത നൽകി കൃത്യമായ തീരുമാനങ്ങൾ എടുക്കാൻ സ്ത്രീകളെ പ്രാപ്തരാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഡിജിറ്റൽ ഫെസിലിറ്റേഷൻ സെന്റർ കൂടിയായി പ്രവർത്തിക്കുന്ന ഈ ബ്രാഞ്ച്, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ, മൊബൈൽ ആപ്ലിക്കേഷനുകൾ, പേപ്പർ രഹിത ഇടപാടുകൾ എന്നിവ ഉപയോഗിക്കാൻ സ്ത്രീകളെ സഹായിക്കുകയും അവരുടെ ഡിജിറ്റൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യും. കൂടാതെ സ്ത്രീകൾക്കായി പ്രത്യേക നിക്ഷേപ ബോധവൽക്കരണ ക്ലാസുകളും ഇവിടെ സംഘടിപ്പിക്കും.

# സപ്തദിന ദേശീയ ശിൽപ്പശാല ഇന്ന് തുടങ്ങും

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം ന്യായം, സംസ്കൃതം ജനറൽ വിഭാഗങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സപ്തദിന ദേശീയ ശിൽപ്പശാല ഇന്ന് രാവിലെ 10.30ന് കാലടി മുഖ്യക്യാമ്പസിലെ മീഡിയ സെന്ററിൽ ആരംഭിക്കും. 'ഡിജിറ്റൽ ഫ്യൂച്ചർ ഓഫ് സാൻസ്ക്രിറ്റ് : ടൂൾസ്, ടെക്നിക്സ് ആൻഡ് ട്രെയിനിംഗ് ' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ശില്പശാലയുടെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. കെ.കെ. ഗീതാകുമാരി നിർവ്വഹിക്കും. പ്രൊഫ. രേണുക കെ.സി. അധ്യക്ഷയായിരിക്കും. പ്രൊഫ. ശിവാനി വി. മുഖ്യപ്രഭാഷണം നിർവ്വഹിക്കും. രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ്, ഡോ. ശിവജ എസ്. നായർ, ഡോ. സരിത ടി.പി. എന്നിവർ പ്രസംഗിക്കും.

# കെടിഎം ഓറഞ്ച് എക്സ്പി 160 തൃശൂരിൽ; ടെസ്റ്റ് ഡ്രൈവിന് അവസരം



**തൃശൂർ :** പ്രമുഖ ആഗോള പ്രീമിയം മോട്ടോർ സൈക്കിൾ ബ്രാൻഡായ കെടിഎം അവതരിപ്പിക്കുന്ന കെടിഎം ഓറഞ്ച് എക്സ്പി 160 ടെസ്റ്റ് ഡ്രൈവ് നടത്താൻ തൃശൂരിൽ അവസരം. ടെസ്റ്റ് ഡ്രൈവിന് കെടിഎം വിദഗ്ധർ മാർഗനിർദ്ദേശങ്ങൾ നൽകുമെന്ന് കമ്പനി അറിയിച്ചു. 2025 നവംബർ 29ന് പൂനെയിൽ ആരംഭിച്ച ടെസ്റ്റ് ഡ്രൈവ് രാജ്യത്തെ 40ലധികം നഗരങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായാണ് തൃശൂരിലെത്തിയത്.

ഗൈഡഡ് റൈഡിംഗ് ഡ്രില്ലുകളും ഇന്ററാക്റ്റീവ് പെർഫോമൻസ് മൊഡ്യൂളുകളും സംയോജിപ്പിച്ചാണ് ഓറഞ്ച് എക്സ്പി160 രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കെടിഎം അറിയിച്ചു. കോർണറിംഗ്, ബ്രേക്കിംഗ്, ത്രോട്ടിൽ കൺട്രോൾ, ബോഡി പൊസിഷനിംഗ് എന്നിവയിലെ സാങ്കേതിക വിദ്യകൾ ഈ മോഡലിനെ സവിശേഷമാക്കുന്നു. ഭാരം കുറഞ്ഞ 164.2 സിസി സിംഗിൾസിലിണ്ടർ ലിക്വിഡ്കൂൾഡ് എഞ്ചിനോട് കൂടി വരുന്ന മോഡലിൽ 19 പിഎസ് ക്ലാസ്ലീഡിംഗ് പവറും 15.5 എൻഎം ടോർക്കും ഉള്ളതായി കമ്പനി വ്യക്തമാക്കി.

കെടിഎം 160 ഡ്യൂക്ക് ചടുലതയ്ക്കും കൃത്യതയ്ക്കും വേണ്ടിയാണ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ബജാജ് ഓട്ടോ ലിമിറ്റഡ് പ്രോബൈക്കിംഗ് പ്രസിഡന്റ് മണിക് നംഗിയ പറഞ്ഞു. ഈ മോഡൽ ബൈക്ക് പ്രേമികൾക്കും റൈഡർമാർക്കും ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് 40ലധികം നഗരങ്ങളിൽ ടെസ്റ്റ് ഡ്രൈവിനുള്ള അവസരമൊരുക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

